(എ) പുതുക്കോടു പാടം കർഷകർക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുവാനുള്ള വിദ്യുച്ഛക്തി കണക്ഷൻ നൽകാനുള്ള നടപടി വല്ലതും ഇതിനകം നടന്നിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തെന്നു വ്യക്തമാക്കുമോ;

(സി) കാലതാമസത്തിനുള്ള കാരണമെന്തെന്ന് പറയുമോ;

(ഡി) ഈ പണിക്ക് പ്രത്യേക പ്രാധാന്യംനൽകി അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ട്. ആയതി ലേക്ക് 0.2 കീ. മി. 11. കെ. വി. ലൈൻ വലിക്കേണ്ടതും ഒരു 25 കെ. വി. ട്രാൻസ്ഫോർമറും സ്ഥാപിക്കേണ്ടതും ആവശ്യ മായിട്ടുണ്ട്.

(സി) വൈദ്യുതി കണക്ഷനു ആവശ്യമുള്ള ചില ഉപകരണങ്ങളുടെ ദൗർലഭ്യം കൊണ്ടും, വില്ലേജ് വൈദ്യുതീകരണത്തിന് മുൻഗണന കൊടുത്തതുകൊണ്ടുമാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

(ഡി) ആയതിലേക്ക് ആവശ്യമുള്ള സാധനങ്ങൾ ലഭിച്ചാൽ ഉടൻ തന്നെ കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷന്റെ പ്രയോറിറ്റി അനുസരിച്ച് വൈദ്യുതി നൽകുന്നതായിരിക്കും.

പുളിമാത്ത് പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ്

629 [913] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പുളിമാത്ത് പഞ്ചായത്തിൽ നിന്നും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി തുടർച്ചയായി അപേക്ഷിച്ചിട്ടും സ്ട്രീറ്റ് ലൈറ്റ് അനുവദിച്ചു കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പുളിമാത്ത് പഞ്ചായത്തിലേയ്ക്ക് 35 ഓർഡിനറി ലൈറ്റും 5 ട്യൂബ് ലൈറ്റും പുതിയതായി ലൈൻ വലിച്ച് ഫിറ്റു ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഈ ജോലി 1979 മാർച്ചിൽ ചെയ്തു തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാർ സർവ്വീസിലുള്ള പാർട്ട് ടൈം ജീവനക്കാരെ ഫുൾടൈം ജീവനക്കാരായി അംഗീകരിക്കണമെന്നുള്ള ആവശ്യം

630 [914] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു സർക്കാർ സർവ്വീസിലുള്ള പാർട്ട് ടൈം ജീവനക്കാരെ എല്ലാം ഫുൾടൈം ജീവനക്കാരായി അംഗീകരിക്കണമെന്നുള്ള ആവശ്യം സർവ്വീസ് സംഘടനകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തി യിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly